# കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിധം

1. ബി.സി.1 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (എൻ.ആർ.എൽ.എം, ഡിഡിയുജികെവൈ), ബി.സി2 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (അഗ്രി), ബി.സി.3 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികകളിലെ നിലവിലെ ഒഴിവുകളിലേയ്ക്കാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.
2. കുടുംബശ്രീ വെബ്സൈറ്റിൽ ലഭ്യമാകുന്ന അപേക്ഷാഫോം ഡൗൺലോഡ് ചെയ്തുവേണം അപേക്ഷകൾ സമർപ്പിക്കുവാൻ.
3. അപേക്ഷാഫോമിന്റെ ഏറ്റവും മുകളിലായി അപേക്ഷ സമർപ്പിക്കുവാനുദ്ദേശിക്കുന്ന തസ്തികയുടെ പേരും കോഡും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
4. അപേക്ഷാഫോം പൂരിപ്പിക്കുമ്പോൾ ചുവടെ ചേർക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

## A. വ്യക്തിപരമായ വിവരങ്ങളിൽ

1. അപേക്ഷക(ൻ)യുടെ പേര് മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തണം
2. ജനനത്തീയതി - ജനനസർട്ടിഫിക്കറ്റിൽ ഉള്ളത്. ജനനസർട്ടിഫിക്കറ്റ് ഇല്ലാത്തവർ എസ്എസ്എൽസി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി രേഖപ്പെടുത്തണം.
3. ആധാർ നം: ആധാർ ഉള്ളവർ നിർബന്ധമായും ആധാർ നമ്പർ രേഖപ്പെടുത്തണം. ഇല്ലാത്തവർ ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ കാർഡ് നമ്പറും, ഏതു തരത്തിലുള്ള തിരിച്ചറിയൽ കാർഡാണെന്നും വ്യക്തമാക്കണം.
4. വിദ്യാഭ്യാസ യോഗ്യത : തസ്തികയ്ക്കാവശ്യമായ യോഗ്യതയോടൊപ്പം, കൂടുതലായി നേടിയിട്ടുള്ള യോഗ്യതകളും രേഖപ്പെടുത്തണം.
5. മേൽവിലാസം : കമ്മ്യൂണിക്കേഷൻ അയയ്ക്കുന്നതിനുള്ള മേൽവിലാസവും, സ്ഥിര മേൽവിലാസവും രേഖപ്പെടുത്തുക
6. പഞ്ചായത്ത് : നിലവിൽ താമസിക്കുന്ന പഞ്ചായത്ത്

7. ബ്ലോക്ക് : നിലവിൽ താമസിക്കുന്ന ബ്ലോക്ക്
8. ജില്ല: നിലവിൽ താമസിക്കുന്ന ജില്ല
9. ഫോൺ നമ്പർ : ഇല്ല എങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തണം
10. ഇ-മെയിൽ വിലാസം : ഇല്ല എങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തണം

**B. കുടുംബശ്രീ അംഗത്വം സംബന്ധിച്ച്** : (അപേക്ഷക കുടുംബശ്രീ അംഗം ആണെങ്കിൽ പാർട്ട് **B** പൂരിപ്പിക്കുക)

ബി.സി.3 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നവർ മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവർ ഈ കോളങ്ങളിൽ **ബാധകമല്ല** എന്ന് രേഖപ്പെടുത്തണം.

11. അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന സി.ഡി.എസ് : സി.ഡി.എസ്സിന്റെ പേര്
12. അപേക്ഷകയുടെ അംഗത്വം ഉൾക്കൊള്ളുന്ന എ.ഡി.എസ് : എ.ഡി.എസ്സിന്റെ പേര്
13. അപേക്ഷക അംഗമായ അയൽക്കൂട്ടത്തിന്റെ പേര് : അയൽക്കൂട്ടത്തിന്റെ പേര്
14. അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നം. : നമ്പർ വ്യക്തമായി രേഖപ്പെടുത്തുക
15. അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും : അപേക്ഷക അയൽക്കൂട്ട അംഗമായ മാസവും വർഷവും രേഖപ്പെടുത്തുക

**C. അപേക്ഷക കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലെങ്കിൽ**

(അപേക്ഷക കുടുംബശ്രീ കുടുംബാംഗം ആണെങ്കിൽ പാർട്ട് **C** പൂരിപ്പിക്കുക)

ബി.സി.3 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നവർ മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവർ ഈ കോളങ്ങളിൽ **ബാധകമല്ല** എന്ന് രേഖപ്പെടുത്തണം.

16. അപേക്ഷകയുടെ കുടുംബാംഗത്തിന്റെ അംഗത്വം ഉൾക്കൊള്ളുന്ന സി.ഡി.എസ് : ഏതു സിഡിഎസ്സിലാണ് അപേക്ഷകയുടെ കുടുംബാംഗത്തിന്റെ അംഗത്വം ഉൾക്കൊള്ളുന്നതെന്ന് രേഖപ്പെടുത്തണം
17. അപേക്ഷകയുടെ കുടുംബാംഗത്തിന്റെ അംഗത്വം ഉൾക്കൊള്ളുന്ന എ.ഡി.എസ്: ഏതു എഡിഎസ്സിലാണ് അപേക്ഷകയുടെ കുടുംബാംഗത്തിന്റെ അംഗത്വം ഉൾക്കൊള്ളുന്നതെന്ന് രേഖപ്പെടുത്തണം
18. കുടുംബാംഗം അംഗമായ അയൽക്കൂട്ടത്തിന്റെ പേര്: ഏതു അയൽക്കൂട്ടത്തിലാണ് അപേക്ഷകയുടെ കുടുംബാംഗത്തിന്റെ അംഗത്വം ഉൾക്കൊള്ളുന്നതെന്ന് രേഖപ്പെടുത്തണം
19. കുടുംബാംഗത്തിന്റെ അയൽക്കൂട്ട അഫിലിയേഷൻ നം.: അപേക്ഷകയുടെ കുടുംബാംഗം ഉൾപ്പെട്ടിട്ടുള്ള അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നമ്പർ രേഖപ്പെടുത്തണം.
20. കുടുംബാംഗം അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും: അപേക്ഷകയുടെ കുടുംബാംഗം അയൽക്കൂട്ടത്തിൽ അംഗമായ മാസവും വർഷവും രേഖപ്പെടുത്തണം
21. അപേക്ഷകയും കുടുംബശ്രീ അംഗവും തമ്മിലുള്ള ബന്ധം: അപേക്ഷകയും കുടുംബശ്രീ അംഗമായ കുടുംബാംഗവും തമ്മിലുള്ള ബന്ധം രേഖപ്പെടുത്തണം
22. ഒരു വീട്ടിലാണോ താമസിക്കുന്നത് : അപേക്ഷകയും കുടുംബശ്രീ അംഗമായ കുടുംബാംഗവും ഒരു വീട്ടിലാണോ താമസിക്കുന്നതെന്ന വിവരം രേഖപ്പെടുത്തണം
23. റേഷൻ കാർഡ് നം. : അപേക്ഷകയുടെയും കുടുംബശ്രീ അംഗമായ കുടുംബാംഗത്തിന്റെയും പേര് ഉൾപ്പെടുന്ന റേഷൻ കാർഡ് നമ്പർ രേഖപ്പെടുത്തണം

## D. പ്രവർത്തി പരിചയം സംബന്ധിച്ച്

24. സമൂഹാധിഷ്ഠിത പദ്ധതികളിൽ പങ്കെടുത്തുള്ള പരിചയം : സേവനമനുഷ്ഠിച്ച സ്ഥാപനത്തിന്റെ പേര്, പദ്ധതിയുടെ പേര്, ജോലിചെയ്ത കാലയളവ് എന്നിവ വ്യക്തമാക്കിയിരിക്കണം. പരിചയം തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

25. കംപ്യൂട്ടർ പ്രാവീണ്യം ഉണ്ടോ? : കംപ്യൂട്ടർ പ്രാവീണ്യം ഉണ്ടെങ്കിൽ ചെയ്ത കോഴ്സുകൾ സംബന്ധിച്ച വിവരം (കോഴ്സ്, സ്ഥാപനം, രജിസ്റ്റർ നം, കാലയളവ്) രേഖപ്പെടുത്തണം

**E.** **ഉള്ളടക്കം** : അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ എന്തൊക്കെയാണെന്ന് രേഖപ്പെടുത്തുക. (ഉദാ: 1. എസ്എസ്എൽസി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, 2. സത്യവാങ്മൂലം, 3. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് തുടങ്ങിയവ)

5. അപേക്ഷയിൽ സത്യവാങ്മൂലത്തിനു താഴെ അപേക്ഷക(ൻ)യുടെ പേരും ഒപ്പും രേഖപ്പെടുത്തിയിരിക്കണം. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കുന്നതായിരിക്കും.

6. ബി.സി.3 – ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികയിലേയ്ക്ക് നിശ്ചിത യോഗ്യതയുള്ള കുടുംബശ്രീ അംഗമോ, കുടുംബശ്രീ കുടുംബാംഗമോ ആയ വനിതകൾ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. അയൽക്കൂട്ട ഭാരവാഹികളുടെയും, സി.ഡി.എസ് ഭാരവാഹികളുടെയും സത്യവാങ്മൂലം നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി അപേക്ഷയോടൊപ്പം അസ്സൽ സമർപ്പിക്കണം.

7. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിൽ മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പരീക്ഷാഫീസിനത്തിൽ അപേക്ഷാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. പരീക്ഷയുടെ സിലബസ് കുടുംബശ്രീ വെബ്സൈറ്റായ www.kudumbashree.org യിൽ 2020 നവംബർ 1 ന് പ്രസിദ്ധീകരിക്കുന്നതാണ്.

# <u>ചെക്ക് ലിസ്റ്റ്</u>

1. പൂരിപ്പിച്ച അപേക്ഷ
2. ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. പ്രവൃത്തിപരിചയം (ഉണ്ടെങ്കിൽ) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. ഡിമാന്റ് ഡ്രാഫ്റ്റ് (Rs.100)
6. ആധാർ കാർഡ് / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
7. ബി.സി.3 - ബ്ലോക്ക് കോ-ഓർഡിനേറ്റർ (എം.ഐ.എസ്) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നവർ സമർപ്പിക്കേണ്ട സത്യവാങ്മൂലം (അയൽക്കൂട്ടം/സിഡിഎസ് ഭാരവാഹികളുടെ സത്യവാങ്മൂലം)